പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1002 05/03/2018-ൽ മറുപടിക്ക്

## ഇംഗ്ലീഷ്ഭാഷാ അദ്ധ്യാപകരുടെ നിയമനം

**ചോദ്യം**

ശ്രീ. എം. വിൻസെന്റ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) കേരള എഡ്യൂക്കേഷൻ റൂൾസ് (KER) അമന്റ്മെന്റ് ജി.ഒ (പി) നം, 149/2003/പൊ.വി.വ തീയതി 6/6/2003 (Kerala Gazette Extra ordinary Vol-48 No.1001 dt 9/6/2003) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് ഭാഷയായി പരിഗണിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലോ സാഹിത്യത്തിലോ ബിരുദവും ബി.എഡുമില്ലാത്ത, മറ്റുവിഷയങ്ങളിലെ അദ്ധ്യാപകരായിരുന്ന 2001-02 വരെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ആയതിനാൽ പൂർണയോഗ്യതയുള്ള അദ്ധ്യാപകരെത്തന്നെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. നിലവിലുള്ള അദ്ധ്യാപകരുടെ പുറത്താകലിന് കാരണമാകാതെ ഇംഗ്ലീഷിനെ കൂടി പ്രസ്തുത കോർവിഷയങ്ങളിൽ ഉൾപ്പെടുത്തി കൊണ്ട് സർക്കാർ, ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന ഒരു പുതിയ തസ്തിക സൃഷ്ടിക്കുകയും 07/01/2002 ലെ ജി.ഒ (എം.എസ്) നം.11/2002/പൊ.വി.വ പ്രകാരം ഇംഗ്ലീഷിനെക്കൂടി ഉൾപ്പെടുത്തി കോർവിഷയങ്ങളുടെ വിതരണ ക്രമം പുന:ക്രമീകരിക്കുകയുമുണ്ടായി. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി ഉത്തരവാണ് 06/06/2003 ലെ ജി.ഒ (പി) നം. 149/2003/പൊ.വി.വ (എസ്.ആർ.ഒ നം.506/2003). ഇത് പ്രകാരം കെ.ഇ.ആർ അധ്യായം **XXIII** ൽ ചട്ടം 6 (I) ആയി Sanctioning of post of High School Assistant (English) ചേർക്കപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് ഒരു ഭാഷയായി പരിഗണിക്കുമെന്ന് ഇതിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

'ടി' കെ.ഇ.ആർ ഭേദഗതി ഉത്തരവ് വഴി, കെ.ഇ.ആർ അധ്യായം **XXXI** ൽ ചട്ടം 2 ന്റെ 2 (b) (X) ആയാണ് ഹൈസ്കൂൾ അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത

ചേർത്തത്. High School Assistant (Languages) ന്റെ യോഗ്യതകൾ പരാമർശിക്കുന്നതിന്റെ അവസാന ഭാഗത്തായി ഇതു ചേർത്തതുമൂലമാണ് ഇംഗ്ലീഷിനെ ഭാഷാവിഷയമായി പരിഗണിച്ചുവെന്ന തോന്നലുണ്ടായത്. എച്ച്.എസ്.എ (ഇംഗ്ലീഷ്) എന്ന തസ്തിക കെ.ഇ.ആറിൽ ചേർത്ത അധ്യായം XXIII ലെ ചട്ടം 6 (I)ൽ കാര്യങ്ങൾ വ്യക്തമാണ്. ഇംഗ്ലീഷിനെ ഭാഷാ വിഷയങ്ങളിലൊന്നായാണ് കണക്കാക്കുന്നതെന്ന് ഈ ചട്ടങ്ങളിൽ പരാമർശമൊന്നുമില്ല.

(ബി) പ്രസ്തുത നിയമം നിലനിൽക്കെ ഇംഗ്ലീഷിനെ കോർ സബ്ജക്റ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി കേരള എഡ്യൂക്കേഷൻ റൂൾസിന് വിരുദ്ധമായി സ്റ്റാഫ് ഫിക്സേഷൻ നടത്താനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) 07/01/2002 -ലെ ജി.ഒ (എം.എസ്) നം.11/2002/പൊ.വി.വ ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ കോർവിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. ഈ ഉത്തരവിന്റെയും കെ.ഇ.ആർ അധ്യായം XXIII ലെ ചട്ടം 6 (I) ലെയും വെളിച്ചത്തിൽ ഇംഗ്ലീഷിനെ കോർ സബ്ജക്റ്റിൽ ഒന്നായി കണ്ടുകൊണ്ടാണ് 2002 – 03 മുതൽ തസ്തിക നിർണയം നടത്തി വരുന്നത്.

(സി) കേരള എഡ്യൂക്കേഷൻ റൂൾസിൽ ഒരു ഭേദഗതി വന്നാൽ ആയത് പ്രാബല്യത്തിലാകാൻ എന്ത് കാലതാമസം വേണ്ടി വരുമെന്ന് അറിയിക്കാമോ;

(സി) കെ.ഇ.ആർ ഭേദഗതി സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രാബല്യതീയതി പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിൽ ആയത് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതാണ്.

(ഡി) ഒരു ഇംഗ്ലീഷ് ടീച്ചർ പോലും ഇല്ലാത്ത നിരവധി ഹൈസ്കൂളുകൾ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇംഗ്ലീഷ് പഠിക്കാനുള്ള കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിന് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുവാൻ നടപടിയെടുക്കുമോ?.

(ഡി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ള അദ്ധ്യാപകർ

ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ
ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത്
വസ്തുതയാണ്. എല്ലാ വിദ്യാലയങ്ങളിലും
എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ
അനുവദിക്കുന്നതിന്റെ സാധ്യത
പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ